KBA
KERALA BLIND ASSOCIATION

-

# PRESENTATION FILE

(ഞങ്ങളുടെ ഒരു വളണ്ടിയർ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസാരിച്ചതിന്റെ ഓഡിയോ റെക്കോർഡിൽ നിന്നും തയ്യാറാക്കിയ ഫയൽ ആണിത്. ഈ പദ്ധതിയുമായുള്ള നിങ്ങളുടെ പ്രസന്റേഷൻ റഫറൻസിന് ഇത് ഉപകരിക്കും. ഇതിന്റെ ഉദ്ദേശശുദ്ധിയും, ഉള്ളടക്കവും പഠിച്ചുകൊണ്ട് നിങ്ങളുടെ ഭാഷ/സംസാരശൈലിയിൽ കാര്യങ്ങൾ മനസ്സിലാക്കി അവതരിപ്പിക്കുക.

**WISHES** Good Morning/Good Afternoon/Good Eveneing
(സാഹചര്യത്തിന് അനുസരിച്ച് പറയുക)

**SELF INTRODUCTION** എന്റെ പേര്................................/
......................സ്വദേശിയാണ്.................ൽ.................ആയി വർക്ക് ചെയ്യുന്നു./ (നിങ്ങളുടെ ജോലി പറയുക)
കാഴ്ചയില്ലാത്തവർക്ക് വേണ്ടി പ്രവർത്തിക്കുന്ന/കേരളബ്ലൈന്റ് അസോസിയേഷൻ എന്ന സംഘടനയുടെ / ഒരു വളണ്ടിയർ ആയിട്ട് കൂടി ഞാൻ പ്രവർത്തിക്കുന്നുണ്ട്.

**PURPOSE** കേരളബ്ലൈന്റ് അസോസിയേഷൻ/ 'കാഴ്ചയില്ലാത്തവർക്കൊരു സഹായസ്പർശം'

എന്ന പദ്ധതിയിലൂടെ കാഴ്ചയില്ലാത്തവർക്കുവേണ്ടി സൗജന്യമായി നിർമ്മിച്ചുനൽകുന്ന/ 'helping device campaign' നെക്കുറിച്ച് സംസാരിക്കുന്നതിനാണ് വന്നത്/

ഈ പദ്ധതിയിൽ/ ഞങ്ങൾക്ക് നിങ്ങളുടെ ഒരു /പങ്കാളിത്തം ആവശ്യമുണ്ടായിരുന്നു/

**KBA INTRODUCTION** ഞാൻ ആദ്യം കേരളബ്ലൈന്റ് അസോസിയേഷനെക്കുറിച്ച് ഒന്ന് പറയാം. /

2007മുതൽ/ കാഴ്ചയില്ലാത്തവരുടെ ക്ഷേമപ്രവർത്തനത്തിന് വേണ്ടി/

സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർചെയ്ത സംഘടനയാണ് KBA/.

കൂടാതെ സംഘടനയ്ക്ക് 12 AA യും, 80 Gയും ഉണ്ട്./
12 AA എന്നാൽ/ KBA യെ നികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള/
Income Tax സർട്ടിഫിക്കറ്റ് ആണ്./
80G എന്നാൽ/കേരള ബ്ലൈന്റ് അസോസിയേഷനിലേക്ക് സംഭാവന നൽകുന്നവർക്ക്/

ആ തുകയുടെ 50 ശതമാനം നികുതി ഇളവ് നൽകാനായി/
KBAയ്ക്ക് ലഭിച്ച Income Tax സർട്ടിഫിക്കറ്റ് ആണ്./
എല്ലാ വർഷവും നിയമപരമായി ഓഡിറ്റിന് വിധേയമാകുന്ന സംഘടനയാണിത്./
2007 മുതൽ ഇതുവരെ /കാഴ്ചയില്ലാത്തവർക്കും, പൊതുസമൂഹത്തിനുമായി/
ഒരു പാട് ക്ഷേമപ്രവർത്തനങ്ങൾ സംഘടന നടത്തിവരുന്നുണ്ട്./
ഇതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും KBA യുടെ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്./
വിശദമായി അറിയുന്നതിന് നിങ്ങളുടെ ഒഴിവുസമയത്ത് /
ഒന്ന് വെബ്സൈറ്റ് സന്ദർശിച്ചാൽ കാണാവുന്നതാണ്./
ഇതാണ് KBA യെക്കുറിച്ചുള്ള ചുരുക്കത്തിലുള്ള വിവരങ്ങൾ/

ഇനി ഞാൻ പദ്ധതിയെക്കുറിച്ച് പറയാം./

**CAMPAIGN INTRODUCTION** ''കാഴ്ചയില്ലാത്തവർക്കൊരു സഹായസ്പർശം'' എന്നതാണ് /ഈ പദ്ധതിയുടെ പേര്/

പദ്ധതിയുടെ ഭാഗമായി നടത്തുന്ന Campaign ആണ് /

''Helping Device Campaign /2021-2026''

ഈ പദ്ധതി വഴിയുള്ള/ Campaign കൊണ്ട് ഉദ്ദേശിക്കുന്നത്/

ഒറ്റപ്പെട്ടുനടക്കുന്ന സാഹചര്യത്തിൽ /പരസഹായമില്ലാതെ /

കാഴ്ചയില്ലാത്തവർക്ക് മുന്നിലുള്ള തടസ്സങ്ങളെ തിരിച്ചറിഞ്ഞ്/

സഞ്ചരിക്കാൻ സഹായിക്കുന്ന/ Helping Device/ സൗജന്യമായി നിർമ്മിച്ചു നൽകുക എന്നതാണ്./

**WHY SHOULD I LISTEN TO THIS**

ഇപ്പോൾ നിങ്ങളുടെ മനസ്സിൽ /ഒരുപാട് ചോദ്യങ്ങൾ കടന്നുപോയിട്ടുണ്ടാകാം./
ഇവർക്ക് പരസഹായമില്ലാതെ /സഞ്ചരിക്കാൻ കഴിയുന്നില്ലേ? /
നിലവിൽ ഇവർ എങ്ങനെയാണ് സഞ്ചരിക്കുന്നത്? /
എന്തിനാണ്/ ഇവർക്ക് സൗജന്യമായി നിർമ്മിച്ചുനൽകുന്നത്?/
ഈ പദ്ധതികൊണ്ടുള്ള /പ്രയോജനവും, പ്രസക്തിയും എന്താണ്?/
ഇത്രമാത്രം എന്താണ് /ഇവരുടെ ജീവിതത്തിൽ ബുദ്ധിമുട്ടുകൾ/
എന്നൊക്കെ തോന്നുന്നുണ്ടാകാം./

**COMMITMENT TO THE COMMUNITY**

ഹെലൻ കെല്ലറിന്റെ /ഒരു പ്രശസ്തമായ വാചകമുണ്ട്/

**''കണ്ണുണ്ടായിട്ടും കാണാതിരിക്കുന്നതാണ് /**
**അന്ധതയേക്കാൾ മോശം''./**

എത്ര /അർത്ഥവത്തായ വാചകമാണല്ലേ?.../
നമ്മൾ കാഴ്ചയുള്ളവർ വേണ്ടേ /കാഴ്ചയില്ലാത്തവരുടെ വിഷമങ്ങൾ കേൾക്കാനും, /
പ്രയാസങ്ങൾ മനസ്സിലാക്കാനും/
അവരെ/ ഏതെങ്കിലും തരത്തിൽ /സഹായിക്കാനോ
അവരുടെ ജീവിതത്തിലൊരു മാറ്റമുണ്ടാക്കാനോ, പറ്റുമെങ്കിൽ /
അതിന് /നിങ്ങളും ഞാനുമടങ്ങുന്ന /കാഴ്ചയുള്ള ഒരു സമൂഹത്തിനേ സാധിക്കുകയുള്ളു./
ഇനിയും ഇവരെ /നമ്മൾ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചാൽ /
ഇവരുടെ ജീവിതം/ കൂടുതൽ ഇരുട്ടിലേക്കാണ് പോകുക/
ഇവരുടെ ജീവിതത്തിൽ /പുതിയൊരു മാറ്റമാണ് ആവശ്യം/
അത് /കേരള ബ്ലൈന്റ് അസോസിയേഷന് /ഘട്ടം ഘട്ടമായി കൊണ്ടുവരാൻ കഴിയും./
ആദ്യം സഹായഉപകരണം /അത് പൂർത്തിയാക്കിയതിനുശേഷം തൊഴിൽ പദ്ധതി/
തുടങ്ങി കൃത്യമായ പദ്ധതികൾ /സംഘടന റിസർച്ച് ചെയ്ത് /പഠിച്ച് തയ്യാറാക്കിയിട്ടുണ്ട്./
അതിന്റെ /ആദ്യഘട്ടം എന്ന നിലയിലാണ്/ 'Helping Device Camapign'/
സ്റ്റാർട്ട് ചെയ്തിരിക്കുന്നത്./

**WHITE CANE**

നിലവിൽ /കാഴ്ചയില്ലാത്തവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്/
White Cane അഥവാ വെള്ളവടി /എന്ന് പറയുന്ന ഒരു സ്റ്റിക്ക് ആണ്/
ഇത് തറനിരപ്പിൽ തട്ടി തട്ടി /തടസ്സം മനസ്സിലാക്കിയാണ് /
ഇവർ സഞ്ചരിക്കുന്നത്. /
അതുകൊണ്ടുതന്നെ /ഒരുപാട് പരിമിതികൾ ഇതിനുണ്ട്./
ഒറ്റയ്ക്ക് അത്യാവശ്യകാര്യങ്ങൾക്ക് പോലും/ സഞ്ചരിക്കാൻ കഴിയാത്ത ഒരവസ്ഥ/
ഇതിന് കാരണം പേടിയാണ് /പുറത്തേക്കിറങ്ങിയാൽ /
അവർ തട്ടി വീഴുമോ എന്നുള്ള ഭയം./

**WHY SMART AID STICK**

ഈ പരിമിതികളെ മറികടക്കാനും /ഒറ്റപ്പെട്ടു നടക്കുന്ന സാഹചര്യത്തിൽ/

അവരെ സഞ്ചരിക്കാൻ പ്രാപ്തരാക്കുന്ന /ഒരു സഹായഉപകരണമാണ് /

ഇവർക്കിപ്പോൾ ആവശ്യം./

**SMART AID STICK INTRODUCTION**

ഈ സഹായ ഉപകരണത്തിന്റെ ആവശ്യകതയാണ്/

Smart Aid Stick -എന്ന പേരിൽ/ ഇവർക്ക് നിർമ്മിച്ച് നൽകുന്നത്./

**STICK USAGES & ADVANTAGES**

വളരെ ലളിതമായി/Smart aid stick ഉപയോഗിക്കാൻ സാധിക്കും/
ടെക്നോളജിയുടെ സഹായത്തോടെയാണ് /
Smart aid stick ന്റെ പ്രവർത്തനങ്ങൾ./
Switch on off ബട്ടൺ ഉണ്ടാകും./
മുന്നിൽ തടസ്സങ്ങൾ വരുമ്പോൾ /പിടിഭാഗത്ത് /വൈബ്രേഷൻ വരും/
ഹെഡ്സെറ്റ് വഴി /വോയിസ് കമാന്റ് ആയി തടസ്സമുണ്ടെന്ന നിർദ്ദേശം കിട്ടും./
അതിനനുസരിച്ച് /അവർക്ക് ദിശമാറി സഞ്ചരിച്ച് /കൂട്ടിമുട്ടലുകൾ ഒഴിവാക്കാൻ പറ്റും/
അതേപോലെ /പെട്ടെന്നുണ്ടാകുന്ന/ എന്തെങ്കിലും ശാരീരികഅസ്വസ്ഥതയോ,/
അല്ലെങ്കിൽ ആരെങ്കിലും ഉപദ്രവിക്കാൻ വരികയോ,/ അങ്ങനെയുള്ള /
എന്തെങ്കിലും എമർജൻസി സിറ്റുവെഷനോ വന്നാൽ /ഡിവൈസിൽ ഉള്ള/ 'SOS' ബട്ടൺ അമർത്തിയാൽ /മുന്നേ സേവ് ചെയ്തിരിക്കുന്ന/
2 നമ്പറിലേക്ക്'I am in toruble'എന്ന മെസേജും/ ആ ലൊക്കേഷൻ ലിങ്കും സെന്റ് ആകും. /അപ്പോൾ അവരെ /എളുപ്പത്തിൽ സഹായിക്കാൻ പറ്റും./
അതോടൊപ്പം/ ഒരു എമർജൻസി സിറ്റുവേഷൻ വന്നാൽ /ചുറ്റുമുള്ള ആളുകളുടെയെല്ലാം/
ശ്രദ്ധ പിടിച്ചുപറ്റാനായി/ ഒരു എമർജൻസി അലാറം കൂടി /ഇതിൽ ഉണ്ടാകും./
ഇത് സ്ത്രീകൾക്ക് കൂടുതൽ ഉപകാരമാകും./
രൂപ, നോട്ടുകൾ മനസ്സിലാക്കുവാനായി /കറൻസി ഡിറ്റക്ടർ സംവിധാനവുമുണ്ട്.
അതേപോലെ/ കാഴ്ചയില്ലാത്തവരുടെ ആവശ്യപ്രകാരം/
ഒരു എഫ്.എം. റെഡിയോ സംവിധാനം കൂടി/ ഇതിൽ ചെയ്യുന്നുണ്ട്./
അനുയോജ്യമായ മാറ്റങ്ങളെല്ലാം /ആവശ്യാനുസരണം/ ഈ സ്റ്റിക്കിൽ ചെയ്യാൻ പറ്റും./
സ്റ്റിക്ക് രൂപത്തിലാണ് /'SMART AID STICK' ന്റെ രൂപഘടന/ ഇത് വർക്ക്ചെയ്യാനായി/
ഈ സ്റ്റിക്കുമായി ബന്ധപ്പെട്ടിട്ടുള്ള / സെൻസറും/
മറ്റ് അനുബന്ധ ഇലക്ട്രോണിക്സ് ഡിവൈസുകളും, /ഹെഡ്സെറ്റ്, ബാറ്ററി, ചാർജ്ജർ

തുടങ്ങിയവയെല്ലാം ഉൾപ്പെട്ടതാണ് / SMART AID STICK. /
ഇതുമായി ബന്ധപ്പെട്ട /ഉപകരണങ്ങളെല്ലാം ഭാരമില്ലാത്തവയാണ്./
കാഴ്ചയില്ലാത്ത ഒരാൾക്ക് /വളരെ ലളിതമായിട്ടും/ സൗകര്യപ്രദമായും/
ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് /സ്മാർട്ട് എയ്ഡ് സ്റ്റിക്ക് /
തയ്യാറാക്കികൊണ്ടിരിക്കുന്നത്./
ഹെഡ്സെറ്റിലൂടെ കേൾക്കുന്ന ഭാഷ/ ഏത് ഭാഷ /ആയും സെറ്റ് ചെയ്യാൻ സാധ്യമാണ്./
സ്പെഷലി ഡിസൈൻ ചെയ്ത /ഒരു മോഡ്യൂൽ ആണ്/

ഈ SMART AID STICK ന്റെ/ഏറ്റവും പ്രധാന ഭാഗം./

**WHO MAKES SMART AID STICK**

SPACE WOX LIMITED കമ്പനി ആണ് /Smart Aid Stick/
കേരള ബ്ലൈന്റ് അസോസിയേഷനുവേണ്ടി /നിർമ്മിച്ചുനൽകുന്നത്./

**HOW CAN THIS STICK HELPFUL FOR BLINDS**

ഈ സഹായഉപകരണം ഇവർക്ക് ലഭിക്കുമ്പോൾ/ ഒറ്റപ്പെട്ടു നടക്കുന്ന സാഹചര്യത്തിൽ /
പരസഹായമില്ലാതെ ഇവർക്ക് /സഞ്ചരിക്കാൻ സാധിക്കും./
എമർജൻസി സിറ്റുവേഷനിൽ /സഹായം തേടാനും കഴിയും /
വീടിന്റെ പുറം ലോകവുമായി /യാതൊരു ബന്ധവുമില്ലാത്ത ഇവർക്ക് /ഒന്നുമില്ലെങ്കിലും/ തൊട്ടടുത്ത സ്ഥലങ്ങളിലേക്ക് എങ്കിലും /പോയിവരാൻ സാധിക്കുന്നത് /
ഇവരെ സംബന്ധിച്ചിടത്തോളം/ വലിയൊരു കാര്യംതന്നെയാണ്./
ഇവർക്ക് ഇത് Confidence കൂട്ടും./ പിന്നീട് മുന്നോട്ടുള്ള പല കാര്യങ്ങളിലും /
ഇവരെ പ്രാപ്തരാക്കാൻ/ KBA ക്ക് കഴിയും./

കുറച്ചുപേരെങ്കിലും/ വൈറ്റ്കെയിൻ ഉപയോഗിച്ച് /
പുറത്തിറങ്ങി നടക്കാറുണ്ട് /പക്ഷെ/ നമ്മൾ ശ്രമിക്കുന്നത് /
വീടിനകത്തുമാത്രം ഒതുങ്ങി കഴിയേണ്ടിവരുന്ന /വലിയൊരു വിഭാഗത്തെ /
പുറത്ത് കൊണ്ടുവരാനാണ്./
വീട്ടിൽ മാത്രം ഒതുങ്ങി നിൽക്കുന്നവർക്ക് /എപ്പോഴും പുറത്തേക്കിറങ്ങാൻ /
പരസഹായം വേണ്ടിവരും /
ഇത് പലപ്പോഴും മറ്റുള്ളവർക്ക് /അവരുടെ തിരക്കിനിടയിൽ ബുദ്ധിമുട്ടുണ്ടാക്കാറുണ്ട്./
ഇത് അറിയുന്നതുകൊണ്ടുതന്നെ/ അധികംപേരും/
സ്വന്തം വിധിയെ പഴിച്ച് വീട്ടിലിരിക്കാറാണ് പതിവ് /ഇവിടെയാണ് /
ഒരു വഴികാട്ടിയായ /helping device ന്റെ പ്രാധാന്യം./
നമുക്ക് കണ്ണുകൾ ഉള്ളതുപോലെതന്നെ/ അവർക്ക് ഒരു പരിധിവരെ എങ്കിലും/
കണ്ണുകളായി മാറാൻ കഴിയും/ Smart Aid Stick ന്./

**PRICE OF A SMART AID STICK**

8,000 രൂപയാണ് /നിലവിൽ ഇതിന് വില കണക്കാക്കുന്നത് /
ഇതൊരു വലിയവില അല്ലെങ്കിലും /കാഴ്ചയില്ലാത്തവരെ സംബന്ധിച്ച് /
അവർക്കിത് താങ്ങാനാകാത്ത വിലയാണ്./

**BLIND'S ABILITY**

ഇവരിൽ തന്നെ /ഉന്നതവിദ്യാഭ്യാസമുള്ളവരുണ്ട്./ ഉന്നതപദവിയിലുള്ളവരുണ്ട്./
അധ്യാപകരായും /മറ്റ് സർക്കാർ പ്രൈവറ്റ് തലത്തിൽ ജോലികൾ ചെയ്യുന്നവരും/
വ്യത്യസ്തമായ കഴിവുകൾ ഉള്ളവരെല്ലാം ഉണ്ട്. /പക്ഷെ/
ഇത് ഒരു ചെറിയ ശതമാനമേ വരുന്നുള്ളു./ അതുകൊണ്ടുതന്നെ/
ഒരു അഞ്ചോ, പത്തോ ശതമാനം പേർക്കേ/ ഇത് വില കൊടുത്ത് വാങ്ങിക്കാൻ പറ്റുകയുള്ളു./

**BLIND'S FINANCIAL PROBLEM**

തൊഴിൽ ഇല്ലാത്തവരും /സാമ്പത്തികപ്രതിസന്ധിയിലും /ജീവിക്കുന്നവരാണ് കൂടുതലും /
ഭൂരിപക്ഷം പേരും/ സർക്കാർ ക്ഷേമപെൻഷനെമാത്രം /ആശ്രയിച്ചുകഴിയുന്നവരാണ്/
ബാക്കി കുറച്ചുപേർ/ മെഴുകുതിരിനിർമ്മാണം, /കുടനിർമ്മാണം, /ലോട്ടറിവിൽപ്പന,/
കടലവിൽപ്പന, /പൊതുസ്ഥലങ്ങളിൽ പാട്ടുപാടിയും കിട്ടുന്ന/ തുച്ഛമായ വരുമാനം കൊണ്ട്/
അതാത് ദിവസം കഴിഞ്ഞുകൂട്ടുന്നവരാണ്./

| | |
|---|---|
| **NO Of BLIND'S** | കേരളത്തിൽ മാത്രം /80,000ത്തിലധികം കാഴ്ചയില്ലാത്തവരും/ ഇന്ത്യയിലാകെ / 50 ലക്ഷത്തോളം പേരുമുണ്ട്./ ഇവരിൽ എത്രപേരെ/ നമുക്ക് പുറത്തുകാണാൻ സാധിക്കുന്നുണ്ട്.?/ വിരലിലെണ്ണാവുന്നവരെ മാത്രമേ /നമ്മൾ ജീവിതത്തിൽ കണ്ടിട്ടുണ്ടാകുകയുള്ളു./ ഇവരെ പുറത്തുകാണാത്തതിനു കാരണം /ഇവർ എണ്ണത്തിൽ കുറവാണ്/ എന്നുള്ളത് കൊണ്ടല്ല /പരസഹായമില്ലാതെ /പുറത്തേക്കിറങ്ങുവാനുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ടാണ്./ |
| **THINK OURSELVES** | ലോക്ഡൗൺ സമയത്ത് /പുറത്തേക്കിറങ്ങാൻ പറ്റാതെ നമ്മൾ ഓരോരുത്തരും / അനുഭവിച്ച ബുദ്ധിമുട്ടുകൾ അറിയില്ലേ?/അപ്പോൾ ഒന്നു ആലോചിച്ചുനോക്കിയേ/ വർഷങ്ങളായി വീടിനകത്ത് അടച്ചിരിക്കുന്നവരുടെ അവസ്ഥ./ അവരും/ നമ്മുടെ സഹജീവികൾ തന്നെയല്ലേ? / നമുക്ക് കിട്ടിയ അനുഗ്രഹമാണ് കാഴ്ച /എന്നും കാഴ്ചകൾ കാണുന്ന നാം / അതിന്റെ വില മനസ്സിലാക്കുന്നില്ലഎന്നേ ഉള്ളു./ ഒരു രണ്ട് മിനിറ്റ് കറന്റു പോയാൽപോലും ബുദ്ധിമുട്ടുന്ന നമ്മൾ /ജീവിതത്തിൽ എന്നുംഇരുട്ടിലായവരെക്കുറിച്ച്/ചിന്തിക്കാറുപോലുമില്ല / ആ അവസ്ഥയിലൂടെ നമ്മൾ കടന്നുപോകുമ്പോഴേ /നമ്മൾ അതിനെക്കുറിച്ച് ചിന്തിക്കുകയുള്ളു./ ഇവർക്ക് സഹതാപമല്ല /ഈ സമൂഹത്തിൽ ജീവിക്കാനുള്ള /ഒരു മാർഗ്ഗമാണ് വേണ്ടത്./ അവരിലുള്ള കഴിവുകളെ പരിപോഷിപ്പിച്ച് /ജീവിതോപാദിയാക്കിമാറ്റി / അതിനുവേണ്ടി തളരാത്ത ഒരു മനസ്സും/ സാഹചര്യങ്ങളും ഒരുക്കി കൊടുക്കാൻ കഴിയണം./ അതിന് /കേരള ബ്ലൈന്റ് അസോസിയേഷന് സാധിക്കും./ |
| **BLIND'S SITUATION** | നമ്മളൊക്കെ /സൗന്ദര്യത്തിലും /ഇട്ടിരിക്കുന്ന ഡ്രസ്സിലും പോരായ്മ കാണുന്നവരാണ്. / ഇവിടെ /സ്വന്തം മുഖം എങ്ങനെയാണെന്നുപോലും അറിയാതെ/അച്ഛനേയോ,/അമ്മയേയോ /കൂടപ്പിറപ്പിനേയോ,/ പങ്കാളിയേയോ/ ഒന്നും കാണാൻ കഴിയാതെ/ സ്വന്തം മക്കളുടെ / കളിയും, ചിരിയും/ കണ്ടാസ്വദിക്കണമെന്ന് ആഗ്രഹിച്ചിട്ടും/ പറ്റാത്ത ആ അവസ്ഥയെക്കുറിച്ച് /നാം ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?/ എന്തിന്/ ഒന്നുമില്ലെങ്കിലും/ സ്വന്തം മക്കളുടെ മുഖം ഒരു തവണയെങ്കിലും / കാണാൻ കൊതിച്ചവരാണ്/ ഇവർ എല്ലാവരും / ഈ ആഗ്രഹങ്ങൾ ഒന്നും നിറവേറ്റികൊടുക്കാൻ /സാധിക്കില്ല എന്നു നമുക്കറിയാം./ എങ്കിലും /ഇവരെ പരസഹായമില്ലാതെ/ തൊട്ടടുത്ത സ്ഥലങ്ങളിലേക്ക് എങ്കിലും / സഞ്ചരിപ്പിക്കാൻ സാധിക്കില്ലേ? /അതിന് നമ്മുടെ സഹായഉപകരണത്തിന്/ സാധിക്കുകയും /ചെയ്യും./ ഇത് ഒരിക്കലും /അവരുടെ ആഗ്രഹമല്ലല്ലോ,/ ആവശ്യമല്ലേ... / സഞ്ചാരസ്വാതന്ത്ര്യം എന്നത്./ |
| **DONATION VOLUNTEER SHIP CONTACTS** | ഇവരുടെ /ഈ ആവശ്യം നിറവേറ്റികൊടുക്കാൻ /നിങ്ങളും / കേരള ബ്ലൈന്റ് അസോസിയേഷന്റെ കൂടെ ഉണ്ടാകണം./ ഇവർക്ക് ഈ Smart Aid Stick നിർമ്മിച്ച് /സൗജന്യമായി നൽകാൻ / നിങ്ങൾക്ക് പറ്റാവുന്ന രീതിയിലുള്ള /സാമ്പത്തികസഹായം ചെയ്ത് / ഞങ്ങളെ സപ്പോർട്ട് ചെയ്യണം./ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ / കുറച്ചുവളണ്ടിയർമാരെ/ നൽകാൻകഴിഞ്ഞാൽ /അതും ഉപകാരമാകും./ നിങ്ങളും/ ഞങ്ങളുടെ ഒരു ഭാഗമായിക്കൊണ്ട്/ KBAയെ സഹായിക്കാൻ പറ്റുന്നവരുടെ /കുറച്ചു കോൺടാക്സും നൽകി /അവരോട് /ഞങ്ങളെ സഹായിക്കാനായി/ റെക്കമെന്റ് ചെയ്യാൻപറ്റിയാൽ /അത് ഞങ്ങൾക്ക് വലിയൊരു ഹെൽപ്പ് ആകും/ ഞങ്ങൾ /കേരളബ്ലൈന്റ് അസോസിയേഷന്റെ/ Website വഴിയും /അക്കൗണ്ട് വഴിയും ആണ് /ഡൊണേഷൻ സ്വീകരിക്കുന്നത്./ |

# Presenation File Notes

**●12AA, 80G പറയുന്ന രീതി**

റ്റ്വൽവ് എ എ, എയ്റ്റി ജി

80G സംഭാവന ചെയ്യുമ്പോൾ Upload ചെയ്യേണ്ട രേഖകൾ?

80G ആവശ്യത്തോടെ സംഭാവന നൽകുന്നവർ പാൻകാർഡ് നമ്പർ, ആധാർകാർഡ് നമ്പർ ഉൾപ്പെടെ യാണ് ഓൺലൈനിൽ ഡൊണേറ്റ് ചെയ്യുമ്പോൾ ആവശ്യമായ രേഖകൾ.

**●എന്താണ് ഓഡിറ്റ്**

എല്ലാ സാമ്പത്തികവർഷവും വരവ് ചിലവ് കണക്കുകൾ ഒരു ചാർട്ടേർഡ് അക്കൗണ്ട് വഴി ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ച് വിലയിരുത്തുന്ന പ്രക്രിയ. (സാമ്പത്തിക പ്രസ്താവനകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാണ് ഇത് ചെയ്യുന്നത്.)

**●Helping device Campaign 2021-2026**

2021 ഡിസംബർ 3 മുതൽ 2026 ഡിസംബർ 3 വരെ (അഞ്ച് വർഷക്യാമ്പയിൻ)

ഹെലൻകെല്ലർ (1880 – June 27 ജനനം<br>1968 – June 1 മരണം)

അമേരിക്കൻ എഴുത്തുകാരിയും വികലാംഗ അവകാശ അഭിഭാഷകയും രാഷ്ട്രീയ പ്രവർത്തകയും, പ്രഭാഷകയുമായിരുന്നു.

19–ാം വയസ്സിൽ അസുഖത്തെ തുടർന്ന് കാഴ്ചയും കേൾവിയും നഷ്ടപ്പെട്ടു സ്വപ്രയത്നം കൊണ്ട് കാഴ്ചയില്ലാത്തവർക്കും ലോകത്തിനും പ്രചോദനമാകുന്ന വനിതയായി.

**●വൈറ്റ്കെയിൻ**

കാഴ്ചയില്ലാത്തവർ സഞ്ചാരസമയത്ത് ഉപയോഗിക്കുന്ന വടിയുടെ/ചൂരൽ രൂപഘടനയിൽ കാണപ്പെടുന്ന ഒരു ഉപകരണമാണ് വൈറ്റ്കെയിൻ ഇത് തറനിരപ്പിൽ തട്ടി തട്ടി തടസ്സങ്ങൾ മനസ്സിലാക്കിയാണ് സഞ്ചരിക്കുന്നത്.

**●Space Wox Limited Company**

കേരളത്തിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്നു.

**●കാഴ്ചയില്ലാത്തവർക്ക് Smart Aid Stick എങ്ങിനെ ലഭ്യമാക്കും**

(Please read study material)

**●Smart Aid Stick കാഴ്ചയില്ലാവരിലേക്ക് എത്തുവാനുള്ള കാലയളവും/കാരണവും**

a) ടെക്നോളജിയിൽ തയ്യാറാക്കുന്ന ആദ്യപ്രൊഡക്ട് എന്ന നിലയിൽ അതിലേക്കുള്ള റിസർച്ച് ആൻഡ് ഡെവലപ്മെന്റ് മാനുഫാക്ച്ചറിങ്ങ് സമയം കൊണ്ട് ആദ്യ പ്രൊഡക്ട് പുറത്തിറങ്ങുവാൻ 9 മുതൽ 12 മാസം വരെയുള്ള കാലയളവാണ് ആദ്യഘട്ടമുണ്ടാകുന്നത്.

b)പിന്നീട് പ്രൊഡക്ട് പുറത്തിറങ്ങുവാൻ കാലതാമസമില്ല. (ഉദാഹരണം നമ്മൾ വായിക്കുന്ന ഒരു നോട്ടീസ് ആദ്യം നോട്ടീസിന് വേണ്ട ആശയം കണ്ടെത്തലുകളും എഴുത്തുകുത്തുകളും നടത്തുകയും അത് തിരുത്തിയും മാറ്റിചേർക്കലും കഴിഞ്ഞ് നല്ല രൂപത്തിൽ ആക്കി ടൈപ്പ് ചെയ്ത് എടുക്കുകയും അതിന്റെ പ്രൂഫ് നോക്കി ആവശ്യമായ തിരുത്തലുകൾ കൊണ്ട് വരികയും ശേഷം ഫൈനൽ നോട്ടീസ് പ്രിന്റ് എടുക്കുന്നു. ആ പ്രിന്റ് വെച്ച് ശേഷം എത്ര കോപ്പി വേണമെങ്കിലും പീന്നീട് എടുക്കാൻ സാധിക്കുന്നത്പോലെ തന്നെയാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തന രീതിയും.

c)മിനിമം 5000 പ്രൊഡക്ട് വീതമാണ് മാനുഫാക്ച്ചറിങ്ങ് കാണുന്നത്. അല്ലാത്തപക്ഷം പ്രൊഡക്ടിനു മേൽ അധികവില നൽകേണ്ടിവരും.
പ്രൊഡക്ട് വിതരണം ചെയ്യുന്നതും കാഴ്ചയില്ലാത്തവർക്ക് ലഭ്യമാക്കുന്നതുമായ വിവരങ്ങൾ KBA വെബ്സൈറ്റിൽ യഥാസമയം നൽകപ്പെടുന്നതാണ്.

Donation KBA Account -വഴിയും KBA വെബ്സൈറ്റ് വഴി Donate a Helping device/ Donate Now വഴി ഒന്നോ അതിലധികമോ Smart Aid Stick കൾ സ്പോൺസർ ചെയ്യാവുന്നതോ, 500 രൂപ മുതൽ ഭാഗികമായോ Donate ചെയ്യാവുന്നതാണ്.
Donate a helping device & Donate Now സന്ദർശിച്ച് കാര്യങ്ങൾ സ്വയം വ്യക്തമാക്കുക.

*****************************************************************************************